**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6067** **09-11-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ വന്യ മൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് വ്യാപകമായ സാഹചര്യത്തിൽ കർഷകർക്ക് ഓരോ കൃഷി ഇനത്തിലും ലഭിക്കുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (എ) | നിലവിൽ വന്യജീവി ആക്രമണം മൂലം കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് 08.01.2015-ലെ സ.ഉ.(കൈ) നം. 2/2015/വനം, 05.04.2018-ലെ സ.ഉ.(കൈ) നം. 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ഇപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം, കണക്കാക്കപ്പെടുന്ന നഷ്ടത്തിൻറെ 100% പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം വർഷത്തിൽ 4 പ്രാവശ്യം മാത്രമേ അനുവദിക്കാവൂ. കൃഷി നാശം ഉണ്ടായാൽ അപേക്ഷകൻ നഷ്ടപരിഹാരത്തിനായി 6 മാസത്തിനകം അപേക്ഷ തൊട്ടടുത്തുള്ള അക്ഷയകേന്ദ്രം വഴി ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. നഷ്ടപരിഹാര തുക കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ച വരുന്നു. |
| (ബി) | പ്രസ്തുത ജില്ലയിൽ വന്യ മൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | വയനാട് സൗത്ത് ഡിവിഷനിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി സൗരോർജ്ജകമ്പി വേലികൾ, പ്രതിരോധ കിടങ്ങ്, പ്രതിരോധ മതിൽ, സ്റ്റോൺ പീച്ചഡ് ട്രഞ്ച് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തുരത്തി ഓടിക്കുന്നതിനായി വാച്ചർമാരെ നിയോഗിക്കുകയും വനത്തിനോട് ചേർന്ന കോളനികളിലും മറ്റും സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിന് വന്യമൃഗ സംഘർഷ മേഖലകളിൽ നിരന്തര പെട്രോളിങ്ങും കൂടുതൽ ആധുനിക സുരക്ഷ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. നോർത്ത് വയനാട് ഡിവിഷനുകീഴിൽ 221.729 കി.മീ. സൗരോർജ്ജവേലിയും, 64.366 കി.മീ. |

| | | | | |
|---|---|---|---|---|
| | | | | കിടങ്ങുകളും, 2.87 കി.മീ. കടൽഭിത്തികളും നിലവിലുണ്ട്. പാൽവെളിച്ചം മുതൽ കൂടൽക്കടവ് വരെ 6 കി.മീ. ക്രാഷ്ഗാർഡ് റോപ്പ് വേ ഫെൻസിംങ്ങിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വന്യമൃഗശല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഈ ഡിവിഷന് കീഴിൽ 7 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ വന്യമൃഗശല്യം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ തദ്ദേശീയരായ വാച്ചർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കനാൽ മുതൽ പഴൂർ വരെ 605 കി.മീ. നീളത്തിലും കുറിച്ച്യാട് റെയിഞ്ചിൽ പണയമ്പം മുതൽ വെള്ളക്കെട്ട് വരെ 4.5 കി.മീ. നീളത്തിലും ക്രാഷ്ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിനായി KIIFB Phase-II ൽ പ്പെടുത്തി നിർമ്മിക്കുന്നതിന് 5.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. 410 മീറ്റർ നീളത്തിൽ കൽമതിൽ നിർമ്മിക്കുന്നതിനായി KIIFB Phase-I-ൽപ്പെടുത്തി അനുമതി നൽകുകയും 0.574 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 190 മീറ്റർ കൽമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 220 മീറ്റീർ കൽമതിൽ നിർമ്മാണത്തിനുള്ള പുന: ദർഘാസ് നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വന്യജീവികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനുമായി ഈ ഡിവിഷനിലെ കുറിച്ച്യാട്ട് റെയിഞ്ചിൽ Animal Hospice & Paliative Care Unit-ന്റെ നിർമ്മാണം പുരോഗമിച്ച് വരികയാണ്. വന്യജീവി സംഘർഷം തടയുന്നതിനായി നിലവിലെ ആനപ്രതിരോധ മതിലിന്റെയും / കിടങ്ങുകളുടെയും അറ്റകുറ്റപണികൾ പുരോഗമിച്ചുവരുന്നു. കൂടാതെ നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്തി ഓടിക്കുന്നതിന് എലിഫൻറ് സ്ക്വാഡിലെ പരിശീലനം നൽകിയ കുങ്കിയാനകളുടെ സേവനവും ഉപയോഗിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ